DESPATCHED
23/06/2020
19.3.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 299(7)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **1583**/എസ്.ഐ.സി–ജി 6/14)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.എം. സ്റ്റാനി,
കുടക്കച്ചിറ, തൊണ്ടിയിൽ പി.ഒ.,
പേരാവൂർ, പിൻ – 670 673.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
കോർപ്പറേറ്റ് മാനേജർ,
ആർച്ച് ഡയോസിസ് ഓഫ് കോർപ്പറേറ്റ് മാനേജ്മെന്റ്,
തലശ്ശേരി.

2. അപ്പീൽ അധികാരി,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഇരിട്ടി, കണ്ണൂർ ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.10.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.11.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.12.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.01.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 30.01.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.എം.സ്റ്റാനി,

28.01.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 30.01.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.299(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് സ്കൂൾ മാനേജർ മറുപടി നൽകുന്നതിനു പകരം ഹെഡ്മാസ്റ്റർ 21.11.2013ന് തെറ്റായ മറുപടി നൽകിയെന്നും തുടർന്ന് അപ്പീൽ സമർപ്പിച്ചെങ്കിലും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.10.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ഉളിയിൽ സ.റ ആഫീസിൽ 12/1952 നമ്പറായി രജിസ്റ്റർ ചെയ്ത് സ്കൂളിനായി വാങ്ങിയ 8 ഏക്കർ സ്ഥലത്തിന്റെ തെക്ക്, കിഴക്ക് അതിരുകൾ സർവ്വെ ലൈനായാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ടി അതിരിനുള്ളിൽ മൂന്ന് സ്വകാര്യ വ്യക്തികൾക്ക് സ്ഥലം ഉണ്ടായതെങ്ങനെയെന്നും ടി അതിരിൽ കൂടി പുതിയ റോഡ് നിർമ്മിച്ചിട്ടും മേൽ വ്യക്തികളുടെ സ്ഥലങ്ങളിൽ എങ്ങനെയാണ് കുറവ് വരാതിരുന്നതെന്നും തുടങ്ങി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 21.11.2013ന് നൽകിയ മറുപടിയിൽ 12/1952 നമ്പറായി രജിസ്റ്റർ ചെയ്ത് ഹൈസ്കൂളിനായി വാങ്ങിയ സ്ഥലത്തിനുള്ളിൽ മറ്റു മൂന്നു സ്വകാര്യ വ്യക്തികൾക്ക് സ്ഥലമുള്ളതായി അറിവില്ലെന്നും ഹൈസ്കൂളിനായി വാങ്ങിയ 8 ഏക്കർ സ്ഥലത്തിൽ ശ്രീ.ചിറയത്ത് ജോസഫ് എന്ന വ്യക്തിയിൽ നിന്ന് സ്ഥലം വാങ്ങിയതായി കാണുന്നില്ലെന്നും മിഡിൽ സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഹൈസ്കൂളിന്റെ Higher Elementary വിഭാഗം പ്രവർത്തിച്ചിരുന്ന സ്ഥലത്തല്ല ഇപ്പോൾ ഹയർ സെക്കന്ററി പ്രവർത്തിക്കുന്നതെന്നും ഹൈസ്കൂളിനായുള്ള 8 ഏക്കർ സ്ഥലത്തിൽപ്പെടുന്നതല്ല ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 10.12.2013ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയിരുന്നുവെന്നും എന്നാൽ 24.09.2013ലെ സർക്കാർ ഉത്തരവ് (സാധാ.)നം.3905/13/പൊ.വി.വ. പ്രകാരം എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ മാനേജരെ എസ്.പി.ഐ.ഒ. ആയി അധികാരപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ ടിയാന്റെ അപേക്ഷ 30 ദിവസത്തിനുള്ളിൽ നിയമാനുസൃത മറുപടി നൽകുന്നതിനായി കോർപ്പറേറ്റ്

മാനേജർ, ആർച്ച് ഡയോസിസ് ഓഫ് കോർപ്പറേറ്റ് മാനേജ്മെന്റ്, തലശ്ശേരി ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ലെന്നും തെറ്റായ വിവരമാണ് നൽകിയതെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 5 വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ലഭ്യമായിട്ടില്ലെന്നും ആദ്യത്തെ അപേക്ഷ നൽകിയത് സ്കൂളിലാണെന്നും തുടർന്ന് നൽകിയ അപ്പീലിന്മേൽ എയ്ഡഡ് സ്കൂളുകളുടെ വിവരങ്ങൾ നൽകാൻ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ പ്രഥമ അപേക്ഷയുടെ പകർപ്പ് ലഭ്യമായില്ലന്ന് ഒന്നാം എതിർകക്ഷി അറിയിച്ച സാഹചര്യത്തിൽ ഒരിക്കൽ കൂടി പ്രസ്തുത അപേക്ഷയുടെ പകർപ്പ് നൽകണമെന്ന് കമ്മീഷൻ ഹർജിക്കാരന് നിർദ്ദേശം നൽകുന്നു. അപ്രകാരം പകർപ്പ് നൽകുകയാണെങ്കിൽ 20 ദിവസത്തിനകം ആയതിന് മറുപടി നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതുപ്രകാരം 30.11.2019ന് ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ഉന്നയിച്ച 3 ചോദ്യങ്ങൾക്കുള്ള മറുപടി ഹർജിക്കാരന് അയച്ചുകൊടുത്തതായി രേഖപ്പെടുത്തി ആയതിന്റെ പകർപ്പ് കമ്മീഷനിൽ ഹാജരാക്കുകയും ചെയ്തു. ടി രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 19-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/